ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

**നമ്പർ. DTETVM/10796/2024-EA2 (EA)** **തീയതി: 02-12-2024**

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം– സാങ്കേതികം- അന്തർദേശീയ ഭിന്നശേഷി ദിനമായ ഡിസംബർ 3- എല്ലാ സ്കൂളുകളിലും, കോളേജുകളിലും സർക്കാർ ഓഫീസുകളിലും പ്രതിജ്ഞയെടുക്കണമെന്ന നിർദ്ദേശം - സംബന്ധിച്ച്.

സൂചന :- സർക്കാർ കത്ത് നമ്പർ: ബി2/375/2024/സാ.നീ.വ തീയതി: 29.11.2024

മേൽ സൂചനയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. അന്തർദേശീയ ഭിന്നശേഷിദിനമായ ഡിസംബർ 3- ന് ഈ വകുപ്പിന് കീഴിൽ വരുന്ന എല്ലാ സ്കൂളുകളിലും കോളേജുകളിലും സർക്കാർ ഓഫീസുകളിലും ഇതൊടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രതിജ്ഞയെടുക്കണമെന്ന് നിർദ്ദേശം നൽകുന്നു.

**Sunilkumar C V**
**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ്,

ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

Signed by
Sunilkumar C V
Date: 02-12-2024 12:27:00

## പ്രതിജ്ഞ

"ശാരീരികമോ മാനസികമോ ബുദ്ധിപരമോ സംവേദന പരമോ ആയ വെല്ലുവിളികൾ കാരണം പൂർണ്ണതോതിലുള്ള സാമൂഹ്യ ഇടപെടലുകൾക്ക് പരിമിതികൾ നേരിടുന്ന ഭിന്നശേഷി സഹോദരങ്ങളെ ചേർത്ത് നിർത്തി സമൂഹത്തിന്റെ മുഖ്യധാരയുടെ നിറസാന്നിധ്യമാക്കുക എന്നത് എന്റെയും സമൂഹത്തിന്റെ ആകെയും ഉത്തരവാദിത്വമാണെന്ന് ഞാൻ മനസിലാക്കുന്നു. നമ്മുടെ സാമൂഹ്യാന്തരീക്ഷം ഭിന്നശേഷി സൗഹാർദ്ദപരമാക്കാനും പൊതുഇടങ്ങൾ ഭിന്നശേഷിക്കാർക്ക് പ്രാപ്യമാക്കുന്ന വിധത്തിലാക്കാനും എന്റേതായ പങ്ക് ഞാൻ നിർവ്വഹിക്കും. ഭിന്നശേഷിക്കാരെ സംബന്ധിച്ച സമൂഹത്തിന്റെ പൊതുബോധത്തിൽ ഗുണാത്മകമായ മാറ്റം സൃഷ്ടിക്കാനുള്ള പരിശ്രമങ്ങളിൽ ഞാനും ഭാഗമാകും. ഭിന്നശേഷിക്കാരുടെ അന്തസ്സും, അവകാശങ്ങളും, സുസ്ഥിതിയും സംരക്ഷിക്കാനും ഭിന്നശേഷിയുള്ള വ്യക്തികൾക്ക് വേണ്ട പ്രോത്സാഹനങ്ങൾ നൽകാനും ഞാനും പങ്കാളിയാകുമെന്ന് ഈ ഭിന്നശേഷി ദിനത്തിൽ ദൃഢപ്രതിജ്ഞ ചെയ്യുന്നു."